കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ജനുവരി 2022



## പ്രൈസസ് വിഭാഗം


### സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# ആമുഖം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളെയും, അന്താരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകളെയും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളെയും ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

**(ഒപ്പ്)**

തിരുവനന്തപുരം **സജീവ് .പി .പി**

**08-03-2022** **ഡയറക്ടർ**

## അവലോകനം

ഡിസംബർ മാസത്തെ അപേക്ഷിച്ച് വിപണിയിൽ പൊതുവെ വിലക്കുറവ് അനുഭവപ്പെട്ട മാസമാണ് കടന്നുപോയത്. വർദ്ധനവ് പ്രകടമായിരുന്ന അരിയുടെ വിലയിൽ മാസാവസാനം നേരിയ കുറവ് ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്.പച്ചക്കറികളുടെ വിലയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.140 രൂപവരെ എത്തിയിരുന്ന തക്കാളിയുടെ വിലയിൽ ഗണ്യമായ കുറവ് ഉണ്ടായി. വിലയിൽ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് നിലവിൽ വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന .സവാള ,ഉള്ളി എന്നിവയുടെ വിലയിൽ വർദ്ധനവ് ഒഴിഞ്ഞു നിന്ന ഒരു വർഷമാണ് കടന്നുപോയത്. സാധാരണയായി സെപതംബർ മുതൽ ജനുവരി വരെ ഉള്ള മാസങ്ങളിൽ സവാളയുടെയും ഉള്ളിയുടെയും വിലയിൽ വർദ്ധനവ് കൊണ്ടുവരുന്നതാണ്.ഭക്ഷ്യ എണ്ണകളുടെ വിലയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സിമന്റിൻറെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. ഫെബ്രുവരി മാസത്തിലും വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടാവാൻ ഇടയില്ലെന്നാണ് നിലവിൽ വിപണികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ നൽകുന്ന സൂചന. ദേശീയ തലത്തിലും പൊതുവെ ഡിസംബർ മാസത്തെ അപേക്ഷിച്ച് ജനുവരി മാസത്തിൽ വിലക്കുറവ് അനുഭവപ്പെട്ടു. ഡിസംബർ മാസത്തിൽ 35.53 ആയിരുന്ന അരിയുടെ ദേശീയ ശരാശരി വില ജനുവരിയിൽ 35.43 ആയി കുറഞ്ഞു. പയർ വർഗ്ഗങ്ങളുടെ വിലയിലും ദേശീയ തലത്തിൽ ഡിസംബർ മാസത്തെ അപേക്ഷിച്ച് ജനുവരി മാസത്തിൽ കുറവ് അനുഭവപ്പെട്ടു.കടല പരിപ്പിന്റെ വില 75.41 രൂപയിൽ നിന്നും 74.56 രൂപയായും ഉവരപ്പരിപ്പിന്റെ വില 102.88 രൂപയിൽ നിന്നും 102.04 രൂപയായും ഉഴുന്നുപരിപ്പ് 106.75 രൂപയിൽ നിന്നും105.91 രൂപയായും ചെറുപയർ പരിപ്പ് 101.93 രൂപയിൽ നിന്നും 101.55 രൂപയായും കുറഞ്ഞു. അതേസമയം മസൂർപറിപ്പിന്റെ വില 96.52 രൂപയിൽനിന്നും 96.71 എന്ന നേരിയ വർദ്ധനവ് രേഖപ്പെടുത്തി.ഭക്ഷ്യ എണ്ണകളിൽ കടല എണ്ണ 181.48 രൂപയിൽ നിന്നും 179.83 രൂപയായും കട്ടകെണ്ണ 186.62 രൂപയിൽ നിന്നും 185.12 രൂപയായും വനസ്പതി 138.32 രൂപയിൽ നിന്നും 137.53 രൂപയായും സോയ ഓയിൽ 150.59 രൂപയിൽ നിന്നും 147.58 രൂപയായും സൺഫ്ളവർ ഓയിൽ 163.85രൂപയിൽ നിന്നും 161.52 രൂപയായും പാം ഓയിൽ 129.92 രൂപയിൽ നിന്നും 128.14 രൂപയായും കുറഞ്ഞു.

ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ -യുടെ ജനുവരി മാസത്തെ ഭക്ഷ്യ വില സൂചിക ഡിസംബർ മാസത്തെ അപേക്ഷിച്ച് 1. 6 പോയിൻറ് വർദ്ധിച്ചു. 134.1 ആയിരുന്ന സൂചിക 135.7 ആയി വർദ്ധിച്ചു.പഞ്ചസാര വില സൂചിക ഒഴികെയുള്ള എല്ലാ സൂചികകളിലും വർദ്ധനവ് രേഖപ്പെടുത്തി. ഭക്ഷ്യ എണ്ണകളുടെ സൂചികയിലാണ് ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്നത് 4.2 ശതമാനം. പ്രധാനമായും , പാം ഓയിൽ,സൺഫ്ളവർ ഓയിലുകളുടെ വില വർദ്ധനവാണ് സൂചികയിൽ വർദ്ധനവ് ഉണ്ടാവാൻ കാരണമായത്.ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാം ഓയിൽ കയറ്റുമതി രാജ്യമായ ഇന്തോനേഷ്യയിൽ നിന്നുള്ള കയറ്റുമതിയിൽ ഉണ്ടായ കുറവാണ് പാം ഓയിലിന്റെ വില വർദ്ധനവിന് കാരണമായതെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു.അതോടൊപ്പം പ്രതികൂല കാലാവസ്ഥയും തൊഴിലാളികളുടെ ക്ഷാമവും ഭക്ഷ്യ എണ്ണകളുടെ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്.വരുംമാസങ്ങളിലും വില വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ധാന്യ വില സൂചികയിൽ 0.1 ശതമാനത്തിന്റെ നേരിയ വർദ്ധനവ് മാത്രമാണ് കാണിക്കുന്നത് .ഇതിൽ ഗോതമ്പിന്റെ വിലയിൽ 3. 1 ശതമാനത്തിന്റെ കുറവ് കാണിച്ചപ്പോൾ അരിയുടെ വിലയിൽ 3.1 ശതമാനത്തിന്റെ വർദ്ധനവ് കാണിച്ചു

അമേരിക്കൻ അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെൻറിന്റെ ജനുവരിയിലെ കണക്കനുസരിച്ച് 2021-22 -ൽ ലോകത്തെ അരിയുടെ ഉത്പാദനം 509.9 മില്യൺ ടൺ എന്ന് കണക്കാക്കുന്നു .ഇതിൽ ഓസ്ട്രേലിയ, ബംഗ്ലാദേശ്, ചൈന, ഇന്ത്യ,തായ്‌ലണ്ട്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ ഉത്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ മാലി,ശ്രീലങ്ക എന്നിവിടങ്ങളിൽ ഉത്പാദനത്തിൽ ഗണ്യമായ കുറവ് സൂചിപ്പിക്കുന്നു.ഇന്ത്യയുടെ 2021-22 വർഷത്തെ അരി ഉൽപ്പാദനം 125.0 ദശലക്ഷം ആവുമെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഒരു വർഷം മുമ്പുള്ളതിനേക്കാൾ 2.7 ദശലക്ഷം ടൺ വർദ്ധനവ് സൂചിപ്പിക്കുന്നു.

ഫെബ്രുവരി 2 തീയതിയിലെ കേന്ദ്ര കാർഷിക മന്ത്രാലയത്തിൻറെ കണക്കനുസരിച്ച് ദേശീയ ശരാശരിയിൽ ഉവര,ഉഴുന്ന്,കടല,ചെറുപയർ,കൊപ്ര,നിലക്കടല എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കുറഞ്ഞ നിരക്കിലും മസൂർ,നെല്ല്,ഗോതമ്പ്,കടുക്,സോയാബീൻ,സൺഫ്ളവർ എന്നിവ എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കൂടിയ നിരക്കിലുമാണ് വിപണനം നടക്കുന്നത്.

ജനുവരി 1 മുതൽ ഫെബ്രുവരി 02 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ 116 ശതമാനം അധിക മഴ ലഭിച്ചു. എന്നാൽ കേരളത്തിൽ ഈ കാലയളവിൽ 69 ശതമാനം മഴക്കുറവുണ്ടായി.

കേരളത്തിൽ വടക്ക് കിഴക്കൻ കാലാവർഷക്കാലത്ത് 109 ശതമാനം അധിക മഴ ലഭിച്ചു. ദീർഘകാല ശരാശരി ആയ 491.6 മില്ലിമീറ്റർ -ൻറെ സ്ഥാനത്ത് 1026.3 മില്ലിമീറ്റർ മഴ ലഭിച്ചു.പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1695.4 മില്ലിമീറ്റർ 181 ശതമാനം അധിക മഴയാണ് പത്തനംതിട്ടയിൽ ലഭിച്ചത്. കേരളത്തിൽ കഴിഞ്ഞ വർഷത്തെ മൊത്തം മഴ പരിശോധിക്കുമ്പോൾ ജൂൺ മുതൽ സപ്തംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് 1718.8 മില്ലിമീറ്റർ മഴയും വടക്ക് കിഴക്കൻ മൺസൂൺ കാലത്ത് 1026.3 മില്ലിമീറ്റർ മഴയുമാണ് ലഭിച്ചത് . തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് 16 ശതമാനം മഴക്കുറവാണ് കേരളത്തിൽ അനുഭവപ്പെട്ടത്.

സെൻട്രൽ വാട്ടർ കമ്മീഷൻ നിരീക്ഷിക്കുന്ന 137 റിസർവോയറുകളിൽ ഫെബ്രുവരി 3 ലെ കണക്കനുസരിച്ച് 68 ശതമാനം ജലം നീക്കിയിരിപ്പുണ്ട്.

ഫെബ്രുവരി 4 തീയതിയിലെ കേന്ദ്ര കാർഷിക മന്ത്രാലയത്തിൻറെ റിപ്പോർട്ട് അനുസരിച്ച് റാബി സീസണിലെ മൊത്തം കാർഷിക വിസ്തൃതിയിൽ 10.24 ലക്ഷം ഹെക്ടറിൻറെ വർദ്ധനവ് സൂചിപ്പിക്കുന്നു.ഇതിൽ ഭക്ഷ്യ എണ്ണകളുടെ കാർഷിക വിസ്തൃതിയിലാണ് ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയത് 19.10 ഹെക്ടർ . നെല്ലിൻറെ കാർഷിക വിസ്തൃതിയിൽ നിലവിൽ 7 ലക്ഷം ഹെക്ടറിന്റെ കുറവ് കാണിക്കുമ്പോൾ മൊത്തം പയർ വർഗ്ഗങ്ങളുടെ വിസ്തൃതിയിൽ 2.17 ലക്ഷം ഹെക്ടറിന്റെ വർദ്ധനവ് സൂചിപ്പിക്കുന്നു. .ഇതിൽ കടലയുടെ കാർഷിക വിസ്തൃതിയിലാണ് ഏറ്റവും കൂടുതൽ വർദ്ധനവ് കാണിക്കുന്നത് 4.57 ലക്ഷം ഹെക്ടർ.

എഫ് സി ഐ യുടെ നേതൃത്വത്തിലുള്ള നെല്ല് സംഭരണത്തിൽ ഈ കാലയളവിൽ ഗണ്യമായ പുരോഗതി കൈവരിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു.ഫെബ്രുവരി 4 തീയതിയിൽ കണക്കനുസരിച്ച് 440.20 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 409.10 ലക്ഷം ടൺ അരിയാണ് സംഭരിച്ചത്. ഏറ്റവും കൂടുതൽ അരി സംഭരിച്ചത് പഞ്ചാബിൽ നിന്നാണ് 125.19 ലക്ഷം ടൺ.കേരളത്തിൽ നിന്നും ഈ കാലയളവിൽ 1.43 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്.കഴിഞ്ഞ വർഷം ഇതേകാലയളവിൽ 1. 24 ലക്ഷം ടൺ അരിയാണ് സംഭരിച്ചത്.

കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ ഭീതിയിലാണ് ജനുവരി മാസം അവസാനിക്കുന്നത്.വീണ്ടും ഒരു ലോക്ക് ഡൗൺ ഉണ്ടാവുമോ എന്നത് വ്യാപാരി വ്യവസായി സമൂഹവും പൊതുവിപണിയും ആശങ്കയോടെയാണ് നോക്കിക്കാണുന്നത്.രണ്ട് ലോക്ക് ഡൗണുകൾ നട്ടുവൊടിച്ച വാണിജ്യ-വ്യാപാര മേഖലയെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത ഭാരമാണ് ലോക്ക് ഡൗണുകൾ വരുത്തി വയ്ക്കുന്നത്. ഒന്നും രണ്ടും തരംഗങ്ങളെ അപേക്ഷിച്ച് ഗുരുതരമായ സാഹചര്യം അല്ല എന്നുള്ളത് വിപണിയെ സംബന്ധിച്ച് പ്രതീക്ഷ നൽകുന്ന ഘടകമാണ് അതുകൊണ്ടുതന്നെ ലോക്ക് ഡൗൺ ഉണ്ടാവില്ലെന്നുള്ള ശുഭപ്രതീക്ഷയിലാണ് വ്യാപാര –വാണിജ്യമേഖല.

## I. ധാന്യങ്ങൾ

നവംബർ അവസാനം മുതൽ വർദ്ധിച്ചുവന്ന അരിയുടെ വിലയിൽ ജനുവരി അവസാനത്തോടെ നേരിയ കുറവ് വന്നു തുടങ്ങിയിട്ടുണ്ട്.വരും മാസങ്ങളിലും അരിയുടെ വിലയിൽ കുറവുണ്ടാവാൻ ഇടയുണ്ടെന്നനാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ 10 ശതമാനം വരെ വർദ്ധനവ് കാണിക്കുന്നു.

വർദ്ധിച്ച തോതിലുള്ള ആഭ്യന്തര ഉത്പാദനവും സംഭരണവും പ്രതീക്ഷ നല്കുന്നതാണെങ്കിലും ദിനംപ്രതി വർദ്ധിക്കുന്ന ഇന്ധന വില വർദ്ധന, അരിയുടെ വിലയിൽ ഗണ്യമായ തോതിലുള്ള വിലക്കുറവിനുള്ള സാധ്യതയ്ക്ക് മങ്ങലേൽപ്പിക്കുന്നു.പൊതുവിപണിയിലും റേഷൻ കടകൾ വഴിയുമുള്ള അരിയുടെ ലഭ്യത വർദ്ധിപ്പിച്ച് വിലക്കയറ്റം പിടിച്ച് നിർത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

അരിയുടെ ദേശീയ ശരാശരി വില 35.53 രൂപയിൽ നിന്നും 35.43 രൂപയായി കുറഞ്ഞപ്പോൾ ഗോതമ്പിന്റെ ദേശീയ ശരാശരി വില 27.97 രൂപയിൽ നിന്നും 28 രൂപയായി വർദ്ധിച്ചു.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.86 | 39.97 | 40.80 | 2.08 | 10.69 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 39.80 | 39.00 | -2.01 | -2.50 |
| 3 | റോസ് | കിലോഗ്രാം | 39.26 | 42.33 | 43.17 | 1.98 | 9.96 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.78 | 36.78 | 37.08 | 0.82 | 3.63 |
| 5 | ജയ | കിലോഗ്രാം | 37.67 | 37.87 | 38.00 | 0.34 | 0.88 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.25 | 36.69 | 37.08 | 1.06 | 5.19 |



## II.പയർ വർഗ്ഗങ്ങൾ

അവലോകന മാസത്തിൽ പയർ പരിപ്പ് വർഗ്ഗങ്ങളിൽ പൊതുവെ വില സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് കണ്ടുവന്നത്.കഴിഞ്ഞ മാസങ്ങളിൽ ഗണ്യമായ തോതിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന വൻപയറിന്റെ വിലയിൽ മാസം മദ്ധ്യത്തോടെ നേരിയ കുറവ് വന്നു തുടങ്ങിയിട്ടുണ്ട്. ഫെബ്രുവരിയിലെ വിലയിൽ കുറവുണ്ടാവുമെന്നാണ് ലഭിക്കുന്ന സൂചന.മസൂർ പരിപ്പിന്റെ വിലയിലും കുറയുവാനുള്ള പ്രവണത പ്രകടമായിട്ടുണ്ട്.പൊതുവെ പയർ വർഗ്ഗങ്ങളുടെ വില കുറയുവാനുള്ള പ്രവണത പ്രകടമാണ്.

പയർ വർഗ്ഗങ്ങളുടെ ദേശീയ ശരാശരി വിലയിലും കുറവുണ്ടായിട്ടുണ്ട്.ഡിസംബറിൽ 75.41 രൂപയായിരുന്ന കടലപരിപ്പിന്റെ ദേശീയ ശരാശരിവില 74.56 രൂപയായും തുവരപ്പരിപ്പ് 102.88 രൂപയിൽ നിന്നും 102.04 രൂപയായും, ഉഴുന്നുപരിപ്പ് 106.75 രൂപയിൽ നിന്നും 105.91 രൂപയായും, ചെറുപയർ പരിപ്പ് 101.93 രൂപയിൽ നിന്നും101.55 രൂപയായും കുറഞ്ഞപ്പോൾ മസൂർ പരിപ്പിന്റെ ദേശീയ ശരാശരി വില 96.52 രൂപയിൽ നിന്നും96.71രൂപയായി വർദ്ധിച്ചു.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 112.88 | 105.61 | 105.93 | 0.30 | -6.16 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 118.36 | 116.57 | 114.88 | -1.45 | -2.94 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.56 | 119.52 | 121.20 | 1.41 | -2.70 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.51 | 120.99 | 120.43 | -0.46 | -1.70 |
| 5 | വൻപയർ | കിലോഗ്രാം | 78.69 | 107.36 | 108.25 | 0.83 | 37.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 111.10 | 112.59 | 112.79 | 0.18 | 1.52 |
| 7 | കടല(വലുത്) | കിലോഗ്രാം | 81.83 | 87.67 | 87.50 | -0.19 | 6.93 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.06 | 79.50 | 79.90 | 0.50 | 12.44 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 86.18 | 84.47 | 82.77 | -2.01 | -3.96 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 86.52 | 108.35 | 109.37 | 0.94 | 26.41 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസത്തിൽ കോഴിമുട്ട,ഇറച്ചിക്കോഴി എന്നിവയുടെ വിലയിൽ കുറവുണ്ടായി. കോഴിമുട്ടയുടെ വിലയിൽ ഗണ്യമായ തോതിലുള്ള കുറവാണ വിപണിയിൽ ദൃശ്യമാവുന്നത് .ദേശീയ തലത്തിൽ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും ഈകുറവ് ദൃശ്യമാണ് നാഷണൽ എഗ്ഗ് കോർഡിനേഷൻ കമ്മറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് നാമക്കലിൽ ജനുവരി മാസം ആദ്യ ദിനങ്ങളിൽ 505 രൂപയായിരുന്ന വില ജനുവരി അവസാനം 460 രൂപയായും വിജയവാഡയിൽ 490 രൂപയിൽ നിന്നും 425 രൂപയായും ,ഡൽഹിയിൽ 525 രൂപയിൽ നിന്നും 477 രൂപയായും മുംബൈയിൽ 535 രൂപയിൽ നിന്നും 476 രൂപയായും കുറഞ്ഞു. കോവിഡിന്റെ മൂന്നാം തരംഗത്തെ തുടർന്നുള്ള നിയന്ത്രണങ്ങളെ തുടർന്നാണ് വിലയിൽ കുറവുണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഫെബ്രുവരി മാസത്തിലും ഈ കുറവ് തുടരുമെന്നാണ് ലഭിക്കുന്ന വിവരം.

ഇറച്ചിക്കോഴിയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് ലഭിക്കുന്ന സൂചന.പഞ്ചസാര ,ശർക്കര എന്നിവയുടെ വില നേരിയ വർദ്ധനവോടെ ഏതാണ്ട് സ്ഥിരത കൈവരിച്ചു.ഫെബ്രുവരിയിലും കാര്യമായ വർദ്ധനവില്ലാതെ തുടരുമെന്നാണ് ലഭിക്കുന്ന സൂചന.അവലോകനമാസത്തിൽ തേയിലയുടെ വിലയിലും ഗണ്യമായ കുറവുണ്ടായി. ജനുവരി ആദ്യ വാരം 175.37 ആയിരുന്ന ദേശീയ ശരാശരി വില അവസാനവാരം 135.60 രൂപയായി കുറഞ്ഞു.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.64 | 39.73 | 39.80 | 0.18 | 5.74 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 170.42 | 168.33 | 173.08 | 2.82 | 1.56 |
| 3 | ശർക്കര | കിലോഗ്രാം | 55.66 | 58.94 | 56.21 | -4.63 | 0.99 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.55 | 64.43 | 60.76 | -5.70 | 0.35 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 653.64 | 682.07 | 685.71 | 0.53 | 4.91 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 104.45 | 115.32 | 114.02 | -1.13 | 9.16 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 152.54 | 155.27 | 154.71 | -0.36 | 1.42 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.75 | 155.78 | 155.96 | 0.12 | -4.76 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസത്തിൽ ഭക്ഷ്യ എണ്ണകളുടെ വിലയിൽ പൊതുവെ കുറവുണ്ടായി.തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ ഗണ്യമായ കുറവുണ്ടായി. ഫെബ്രുവരിയിലും വിലയിൽ കുറവ് തുടരുമെന്നാണ് നിലവിലുള്ള സൂചന.സൺഫ്ളവർ ഓയിലിന്റെയും പാം ഓയിലിന്റെയും വിലയിൽ നേരിയ കുറവുണ്ടായി. ദേശീയ ശരാശരി വിലയിലും കുറവുണ്ടായിട്ടുണ്ട് കടല എണ്ണയുടെ വില 181.48 രൂപയിൽ നിന്നും 179.83 രൂപയായും , കടുകെണ്ണയുടെ വില 186.62 രൂപയിൽ നിന്നും 185.12 രൂപയായും ,വനസ്പതിയുടെ വില 138.32 രൂപയിൽ നിന്നും 137.53 രൂപയായും, സൺഫ്ളവർ ഓയിലിന്റെ വില 163.85 രൂപയിൽ നിന്നും 161.52 രൂപയായും ,പാം ഓയിലിന്റെ വില 129.92 രൂപയിൽ നിന്നും 128.14 രൂപയായും കുറഞ്ഞു. അതെ സമയം അന്താരാഷ്ട്ര വിപണിയിൽ ജനുവരി മാസം ഭക്ഷ്യ എണ്ണകളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി.ഇത് വരും മാസങ്ങളിൽ ഇന്ത്യൻ വിപണിയെയും ബാധിക്കാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 223.80 | 193.31 | 185.79 | -3.89 | -16.98 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 174.00 | 183.20 | 184.25 | 0.57 | 5.89 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 134.90 | 152.32 | 147.29 | -3.30 | 9.18 |
| 4 | നല്ലെണ്ണ | ലിററർ | 188.97 | 219.00 | 218.13 | -0.40 | 15.43 |
| 5 | കടുക് എണ്ണ | ലിററർ | 151.00 | 211.40 | 211.50 | 0.05 | 40.07 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 123.01 | 158.04 | 158.50 | 0.29 | 28.85 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 137.19 | 150.63 | 145.54 | -3.38 | 6.09 |
| 8 | പാം ഓയിൽ | ലിററർ | 116.33 | 128.14 | 125.82 | -1.81 | 8.16 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 228.05 | 196.11 | 186.73 | -4.78 | -18.12 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസത്തിൽ മുളകിന്റെ വിലയിൽ ഗണ്യമായ തോതിൽ വില വർദ്ധനവുണ്ടായി.ഈ വർഷം മുളകിന്റെ കാർഷിക വിസ്തൃതിയിൽ ഉണ്ടായ വർദ്ധനവ് ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുമെന്നും വിലക്കുറവ് ഉണ്ടാവുമെന്നും പ്രതീക്ഷിച്ചെങ്കിലും ഏറ്റവും കൂടുതൽ മുളക് ഉത്പാദക സംസ്ഥാനങ്ങളായ ആന്ധ്രാ,തെലുങ്കാന,കർണാടക സംസ്ഥാനങ്ങളിൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയും, കീടങ്ങളുടെ ആക്രമണവും കാരണം ഉണ്ടായ വിള നാശമാണ് വില വർദ്ധനവിന് കാരണമായതെന്നാണ് ലഭിക്കുന്ന വിവരം. മാർച്ച് മദ്ധ്യത്തോടെ വിലയിൽ നേരിയ കുറവുണ്ടാവുമെന്നാണ് ലഭിക്കുന്ന സൂചന.വെളുത്തുള്ളിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായി.

ഉള്ളിയുടെ വിലയിലും നേരിയ വർദ്ധനവുണ്ടായി. വരും മാസങ്ങളിൽ ഉള്ളിയുടെ വിലയിൽ കുറവുണ്ടാവുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

കുരുമുളകിന്റെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ വിപണനം നടന്നു.അന്താരാഷ്ട്ര വിപണിയിലും ഈ കാലയളവിൽ ഗണ്യമായ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ദൃശ്യമായില്ല. മാസാവസാനം വിലക്കുറവിനുള്ള പ്രവണത പ്രകടമായി. സീസൺ ആയതോടുകൂടി പുതിയ വിളകൾ വിപണിയിൽ എത്തിതുടങ്ങിയിട്ടുണ്ടെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന വിവരം.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.50 | 114.63 | 119.45 | 4.20 | 21.27 |
| 2 | മുളക് | കിലോഗ്രാം | 187.91 | 181.96 | 206.34 | 13.40 | 9.81 |
| 3 | ഉള്ളി | കിലോഗ്രാം | 82.01 | 69.23 | 73.75 | 6.53 | -10.07 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 168.01 | 153.97 | 152.48 | -0.97 | -9.24 |
| 5 | ജീരകം | 100 ഗ്രാം | 29.73 | 28.81 | 28.84 | 0.10 | -2.99 |
| 6 | കടുക് | 100 ഗ്രാം | 10.31 | 12.50 | 12.84 | 2.72 | 24.54 |
| 7 | ഉലുവ | 100 ഗ്രാം | 10.57 | 12.70 | 12.63 | -0.55 | 19.49 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.76 | 19.03 | 18.77 | -1.37 | 0.05 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 14.31 | 11.40 | 10.16 | -10.88 | -29.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 381.38 | 580.69 | 571.44 | -1.59 | 49.83 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങുവർഗ്ഗങ്ങളിൽ കാരറ്റ്,മരച്ചീനി എന്നിവയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ഉരുളകിഴങ്ങ്, ചേമ്പ്, ചേന എന്നിവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി. പച്ചക്കറികളുടെ വിലയിൽ ഡിസംബറിൽ ഉണ്ടായ ഗണ്യമായ വർദ്ധനവിന് ശേഷം, ജനുവരിയോടെ മറ്റ് പച്ചക്കറികളുടെ വിലയിൽ കുറവുണ്ടായെങ്കിലും കാരറ്റിന്റെ വിലയിൽ കാര്യമായ കുറവില്ലാതെ നിൽക്കുകയാണ്.

കഴിഞ്ഞ വർഷം ഇതേ കാലയളവിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാരറ്റിന്റെ വിലയിൽ 105.91 ശതമാനവും ബീട്ടുട്ടിന്റെ വിലയിൽ 97.34 ശതമാനവും വർദ്ധനവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 29.59 | 32.26 | 31.57 | -2.14 | 6.69 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 22.11 | 22.14 | 23.64 | 6.78 | 6.92 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 38.48 | 35.99 | 33.38 | -7.25 | -13.25 |
| 4 | ചേമ്പ് | കിലോഗ്രാം | 43.63 | 49.36 | 47.36 | -4.05 | 8.55 |
| 5 | ബീററൂട്ട് | കിലോഗ്രാം | 36.91 | 71.56 | 72.84 | 1.79 | 97.34 |
| 6 | കാരററ് | കിലോഗ്രാം | 40.96 | 80.39 | 84.34 | 4.91 | 105.91 |



## VII.പച്ചക്കറി ഇനങ്ങൾ

പച്ചക്കറികളുടെ വിലയിൽ ഡിസംബർ മാസത്തിൽ ഉണ്ടായ കനത്ത വിലക്കയറ്റത്തിൽ നിന്നും അവലോകനമാസത്തിൽ വിപണി കരകയറിയിട്ടുണ്ട്. പച്ചമുളക്,വാഴയ്ക്ക,മത്തങ്ങ എന്നിവ ഒഴികെയുള്ള ഏതാണ്ട് എല്ലാ ഇനം പച്ചക്കറികളുടെ വിലയിലും കുറവുണ്ടായിട്ടുണ്ട്. മുളകിന്റെ വിലക്കയറ്റം പച്ചമുളകിന്റെ വിലയിലും പ്രതിഫലിച്ചിട്ടുണ്ട്.

തക്കാളിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായി.വരും മാസങ്ങളിലും വിലക്കുറവുണ്ടാവുമെന്നാണ് വിപണിയിൽ നിന്നും നിലവിൽ ലഭിക്കുന്ന സൂചനകൾ.

സവാളയുടെ വിലയിൽ 2021 വർഷത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായില്ല എന്നുള്ളതാണ് പരാമർശിക്കപ്പെടേണ്ടുന്ന വിഷയം. സാധാരണയായി സപ്തംബർ മുതൽ ജനുവരി വരെയുള്ള കാലയളവുകളിൽ സവാളയുടെ വിലയിൽ വർദ്ധനവ് പ്രകടമാവാറുണ്ട്.എന്നാൽ പോയ മാസം ഈ വർദ്ധനവ് ദൃശ്യമായില്ല.റാബി സീസണിലെ വിളവ് വിപണിയിൽ എത്താറായതോടെ ഇനി കാര്യമായ വർദ്ധനവിന് സാധ്യത ഇല്ല.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 42.31 | 42.40 | 40.45 | -4.60 | -4.40 |
| 2 | വഴുതന | കിലോഗ്രാം | 36.24 | 67.99 | 48.79 | -28.24 | 34.63 |
| 3 | മത്തങ്ങ | കിലോഗ്രാം | 21.01 | 30.40 | 37.70 | 24.01 | 79.44 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 31.19 | 52.89 | 30.54 | -42.26 | -2.08 |
| 5 | വെണ്ടക്ക | കിലോഗ്രാം | 57.87 | 77.86 | 56.13 | -27.91 | -3.01 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 56.00 | 75.06 | 59.66 | -20.52 | 6.54 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 55.31 | 77.30 | 64.50 | -16.56 | 16.62 |
| 8 | കാബേജ് | കിലോഗ്രാം | 29.89 | 63.60 | 62.93 | -1.05 | 110.54 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.48 | 68.33 | 55.52 | -18.75 | 24.82 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 20.94 | 36.89 | 30.86 | -16.35 | 47.37 |
| 11 | പടവലങ്ങ | കിലോഗ്രാം | 36.35 | 56.43 | 38.39 | -31.97 | 5.61 |
| 12 | തക്കാളി | കിലോഗ്രാം | 26.18 | 71.96 | 37.73 | -47.57 | 44.12 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.42 | 8.76 | 9.36 | 6.85 | 72.69 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 27.58 | 44.44 | 44.14 | -0.68 | 60.04 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 28.86 | 30.74 | 38.52 | 25.31 | 33.47 |



## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളുടെ വിപണിയിൽ ഏതാണ്ട് സമ്മിശ്രമായ പ്രവണതയാണ് ദൃശ്യമായത്. സീസണലായ ഇനങ്ങളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ പ്രകടമായിരുന്നു.. ഓറഞ്ചിന്റെ സീസൺ ഏതാണ്ട് ആരംഭിക്കുന്നതോടെ മാസാവസാനം വിലയിൽ കുറവുണ്ടായി തുടങ്ങിയിട്ടുണ്ട്. ഫെബ്രുവരിയിൽ വിലയിൽ നന്നേ കുറവുണ്ടാവും തണ്ണിമത്തൻ,മാങ്ങ എന്നിവയുടെ സീസൺ ഏതാണ്ട് ആരംഭിക്കുകയാണ്. മാതളത്തിന്റെ വിലയിൽ കുറവുണ്ടായെങ്കിലും കോവിഡ് സാഹചര്യങ്ങളെ തുടർന്ന് മാതളത്തിന്റെ ഡിമാന്റിൽ വർദ്ധനവ് ഉണ്ടായതിനാൽ ഒരു പരിധിക്ക് താഴെ വിലക്കുറവ് ഉണ്ടായിട്ടില്ല. ഏത്തപ്പഴത്തിന്റെയും, വാഴപ്പഴങ്ങളുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായി.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(നാഗ്പൂർ) | കിലോഗ്രാം | **53.42** | **71.50** | **81.70** | **14.27** | **52.94** |
| 2 | മുസമ്പി | കിലോഗ്രാം | **73.23** | **70.69** | **68.33** | **-3.34** | **-6.69** |
| 3 | മാതളം | കിലോഗ്രാം | **198.42** | **158.50** | **144.48** | **-8.85** | **-27.18** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **128.44** | **146.67** | **108.75** | **-25.85** | **-15.33** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **34.78** | **50.32** | **51.61** | **2.56** | **48.39** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **28.01** | **29.11** | **30.19** | **3.71** | **7.78** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **48.77** | **44.64** | **44.73** | **0.20** | **-8.28** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **47.97** | **45.30** | **45.35** | **0.11** | **-5.46** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **27.15** | **26.60** | **27.96** | **5.11** | **2.98** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **102.29** | **71.83** | **99.79** | **38.93** | **-2.44** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **17.57** | **40.56** | **40.15** | **-1.01** | **128.51** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **82.00** | **90.31** | **72.50** | **-19.72** | **-11.59** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **69.30** | **73.00** | **74.69** | **2.32** | **7.78** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

ലഭ്യത വർദ്ധിച്ചതിനാൽ സിമെന്റിന്റെ വിലയിൽ കുറവുണ്ടായിട്ടുണ്ട് എന്നാൽ മാസം മദ്ധ്യത്തോടെ വിലയിൽ വീണ്ടും വർദ്ധനവിനുള്ള പ്രവണത പ്രകടമായിട്ടുണ്ട്. വരും മാസത്തിൽ സിമെന്റിന്റെ വിലയിൽ വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചനകൾ

സ്റ്റീൽ അതോറിറ്റിയുടെ കണക്കനുസരിച്ച് ജനുവരിയിൽ ഇരുമ്പ് അയിരിന്റെ വിലയിൽ ഡിസംബർ മാസത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്.ഇത് സ്റ്റീലിന്റ വിലയിലും വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് നിലവിൽ ലഭിക്കുന്ന സുചനകൾ .

ഇന്ധന വില വർദ്ധനവ് ടോയ്‌ലറ്റ് സോപ്പ് ഉൾപ്പെടെയുള്ള മറ്റ് ഭക്ഷ്യേതരവസ്തുക്കളുടെ വിലയിലും വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 21.29 | 23.30 | 23.82 | 2.23 | 11.88 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.51 | 28.29 | 28.82 | 1.87 | 12.98 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 516.00 | 500.40 | 499.00 | -0.28 | -3.29 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 423.46 | 406.38 | 407.50 | 0.28 | -3.77 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 419.43 | 400.71 | 405.71 | 1.25 | -3.27 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 63.88 | 68.07 | 68.12 | 0.07 | 6.64 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.86 | 39.97 | 40.80 | 2.08 | 10.69 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 39.80 | 39.00 | -2.01 | -2.50 |
| 3 | റോസ് | കിലോഗ്രാം | 39.26 | 42.33 | 43.17 | 1.98 | 9.96 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.78 | 36.78 | 37.08 | 0.82 | 3.63 |
| 5 | ജയ | കിലോഗ്രാം | 37.67 | 37.87 | 38.00 | 0.34 | 0.88 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.25 | 36.69 | 37.08 | 1.06 | 5.19 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 112.88 | 105.61 | 105.93 | 0.30 | -6.16 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 118.36 | 116.57 | 114.88 | -1.45 | -2.94 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.56 | 119.52 | 121.20 | 1.41 | -2.70 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 122.51 | 120.99 | 120.43 | -0.46 | -1.70 |
| 5 | വൻപയർ | കിലോഗ്രാം | 78.69 | 107.36 | 108.25 | 0.83 | 37.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 111.10 | 112.59 | 112.79 | 0.18 | 1.52 |
| 7 | കടല(വലുത്) | കിലോഗ്രാം | 81.83 | 87.67 | 87.50 | -0.19 | 6.93 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.06 | 79.50 | 79.90 | 0.50 | 12.44 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 86.18 | 84.47 | 82.77 | -2.01 | -3.96 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 86.52 | 108.35 | 109.37 | 0.94 | 26.41 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.64 | 39.73 | 39.80 | 0.18 | 5.74 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 170.42 | 168.33 | 173.08 | 2.82 | 1.56 |
| 3 | ശർക്കര | കിലോഗ്രാം | 55.66 | 58.94 | 56.21 | -4.63 | 0.99 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 60.55 | 64.43 | 60.76 | -5.70 | 0.35 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 653.64 | 682.07 | 685.71 | 0.53 | 4.91 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 104.45 | 115.32 | 114.02 | -1.13 | 9.16 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 152.54 | 155.27 | 154.71 | -0.36 | 1.42 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.75 | 155.78 | 155.96 | 0.12 | -4.76 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 223.80 | 193.31 | 185.79 | -3.89 | -16.98 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 174.00 | 183.20 | 184.25 | 0.57 | 5.89 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 134.90 | 152.32 | 147.29 | -3.30 | 9.18 |
| 4 | നല്ലെണ്ണ | ലിററർ | 188.97 | 219.00 | 218.13 | -0.40 | 15.43 |
| 5 | കടുക് എണ്ണ | ലിററർ | 151.00 | 211.40 | 211.50 | 0.05 | 40.07 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 123.01 | 158.04 | 158.50 | 0.29 | 28.85 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 137.19 | 150.63 | 145.54 | -3.38 | 6.09 |
| 8 | പാം ഓയിൽ | ലിററർ | 116.33 | 128.14 | 125.82 | -1.81 | 8.16 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 228.05 | 196.11 | 186.73 | -4.78 | -18.12 |

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **98.50** | **114.63** | **119.45** | **4.20** | **21.27** |
| 2 | മുളക് | കിലോഗ്രാം | **187.91** | **181.96** | **206.34** | **13.40** | **9.81** |
| 3 | ഉള്ളി | കിലോഗ്രാം | **82.01** | **69.23** | **73.75** | **6.53** | **-10.07** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **168.01** | **153.97** | **152.48** | **-0.97** | **-9.24** |
| 5 | ജീരകം | 100 ഗ്രാം | **29.73** | **28.81** | **28.84** | **0.10** | **-2.99** |
| 6 | കടുക് | 100 ഗ്രാം | **10.31** | **12.50** | **12.84** | **2.72** | **24.54** |
| 7 | ഉലുവ | 100 ഗ്രാം | **10.57** | **12.70** | **12.63** | **-0.55** | **19.49** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.76** | **19.03** | **18.77** | **-1.37** | **0.05** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **14.31** | **11.40** | **10.16** | **-10.88** | **-29.00** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **381.38** | **580.69** | **571.44** | **-1.59** | **49.83** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **29.59** | **32.26** | **31.57** | **-2.14** | **6.69** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **22.11** | **22.14** | **23.64** | **6.78** | **6.92** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **38.48** | **35.99** | **33.38** | **-7.25** | **-13.25** |
| 4 | ചേമ്പ് | കിലോഗ്രാം | **43.63** | **49.36** | **47.36** | **-4.05** | **8.55** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **36.91** | **71.56** | **72.84** | **1.79** | **97.34** |
| 6 | കാരററ് | കിലോഗ്രാം | **40.96** | **80.39** | **84.34** | **4.91** | **105.91** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **42.31** | **42.40** | **40.45** | **-4.60** | **-4.40** |
| 2 | വഴുതന | കിലോഗ്രാം | **36.24** | **67.99** | **48.79** | **-28.24** | **34.63** |
| 3 | മത്തങ്ങ | കിലോഗ്രാം | **21.01** | **30.40** | **37.70** | **24.01** | **79.44** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **31.19** | **52.89** | **30.54** | **-42.26** | **-2.08** |
| 5 | വെണ്ടക്ക | കിലോഗ്രാം | **57.87** | **77.86** | **56.13** | **-27.91** | **-3.01** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **56.00** | **75.06** | **59.66** | **-20.52** | **6.54** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **55.31** | **77.30** | **64.50** | **-16.56** | **16.62** |
| 8 | കാബേജ് | കിലോഗ്രാം | **29.89** | **63.60** | **62.93** | **-1.05** | **110.54** |
| 9 | പാവയ്ക്ക | കിലോഗ്രാം | **44.48** | **68.33** | **55.52** | **-18.75** | **24.82** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **20.94** | **36.89** | **30.86** | **-16.35** | **47.37** |
| 11 | പടവലങ്ങ | കിലോഗ്രാം | **36.35** | **56.43** | **38.39** | **-31.97** | **5.61** |
| 12 | തക്കാളി | കിലോഗ്രാം | **26.18** | **71.96** | **37.73** | **-47.57** | **44.12** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.42** | **8.76** | **9.36** | **6.85** | **72.69** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **27.58** | **44.44** | **44.14** | **-0.68** | **60.04** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **28.86** | **30.74** | **38.52** | **25.31** | **33.47** |

| നം | ഇനങ്ങൾ | അളവ് | ജനുവരി 2021 | ഡിസംബർ 2021 | ജനുവരി 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 53.42 | 71.50 | 81.70 | 14.27 | 52.94 |
| 2 | മുസമ്പി | കിലോഗ്രാം | 73.23 | 70.69 | 68.33 | -3.34 | -6.69 |
| 3 | മാതളം | കിലോഗ്രാം | 198.42 | 158.50 | 144.48 | -8.85 | -27.18 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 128.44 | 146.67 | 108.75 | -25.85 | -15.33 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 34.78 | 50.32 | 51.61 | 2.56 | 48.39 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 28.01 | 29.11 | 30.19 | 3.71 | 7.78 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 48.77 | 44.64 | 44.73 | 0.20 | -8.28 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.97 | 45.30 | 45.35 | 0.11 | -5.46 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.15 | 26.60 | 27.96 | 5.11 | 2.98 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 102.29 | 71.83 | 99.79 | 38.93 | -2.44 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 17.57 | 40.56 | 40.15 | -1.01 | 128.51 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 82.00 | 90.31 | 72.50 | -19.72 | -11.59 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 69.30 | 73.00 | 74.69 | 2.32 | 7.78 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 21.29 | 23.30 | 23.82 | 2.23 | 11.88 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 25.51 | 28.29 | 28.82 | 1.87 | 12.98 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 516.00 | 500.40 | 499.00 | -0.28 | -3.29 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 423.46 | 406.38 | 407.50 | 0.28 | -3.77 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 419.43 | 400.71 | 405.71 | 1.25 | -3.27 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 63.88 | 68.07 | 68.12 | 0.07 | 6.64 |